**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **09-06-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri Saji Cherian (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ്-19 ന്റെയും പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ അടിയന്തരമായി സഹായിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് ആദ്യഘട്ടം എന്നിവയിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപയുടെ ധനസഹായം 2020-21 -ൽ അനുവദിച്ചിരുന്നു. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2000/- രൂപ വീതവും കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെട്ട് ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1000/- രൂപ വീതവും ഉൾപ്പെടെ ആണ് 36.12 കോടി രൂപ ധനസഹായം അനുവദിച്ചത്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന ആറു ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഓരോ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 1200 /- രൂപ വീതം ആകെ 18.36 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന 1,57,573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡുവായി മെയ് മാസത്തിൽ 22.49 കോടി രൂപ അനുവദിച്ചു വിതരണം ചെയ്തിരുന്നു. കോവിഡ് -19 ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിട്ടൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് റേഷൻകടകൾ മുഖാന്തിരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കടലാക്രമണത്തിൽ വീട്ടുകൾ തകർന്ന മത്സ്യത്തൊഴിലാളികളെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇക്കഴിഞ്ഞ ടൗട്ടെ ചുഴലിക്കാറ്റിലും കടൽക്ഷോഭത്തിലും തീരദേശത്ത് നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയുണ്ടായി. പ്രാഥമിക കണക്കുകൾ പ്രകാരം 186 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പൂർണ്ണമായും തകരുകയും 2432 വീടുകൾ ഭാഗികമായി തകരുകയും ചെയ്തു. 3000 ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റി. വീടുകൾ നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് മുഖേനയാണ് നഷ്ടപരിഹാരം നൽകുന്നത്. ഇതിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടവരെ അതാത് ജില്ലകളിൽ ജില്ലാ ഫിഷറീസ് ഓഫീസർ മുഖേന അടിയന്തരമായി പുനരധിവസിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രകൃതി ദുരന്തങ്ങളിൽ ഒരു സൈന്യം ആയി പ്രവർത്തിച്ചവരും കേരളത്തിന് വിദേശനാണ്യം നേടിത്തരുന്ന വരുമായ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റുള്ളവരുടെ ജീവിതം സുരക്ഷിതമാക്കുന്നതിന് ഒരു സൈന്യം പോലെ പ്രവർത്തിച്ച മത്സ്യത്തൊ ഴിലാളി സമൂഹത്തിന് ഫിഷറീസ് വകുപ്പ്, അനുബന്ധ ഏജൻസികളായ സാഫ്, മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. തീര പ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവ സിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി, FRP ബോട്ടുകൾ, DAT, VHF, GPS എന്നിവ നൽകുന്ന പദ്ധതി, കടൽ രക്ഷ പ്രവർത്തനത്തിന് മറൈൻ ആംബുലൻസുകൾ, മത്സ്യബന്ധ നത്തിന് പോകുന്ന യാനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് സാഗര മൊബൈൽ ആപ്ലിക്കേഷൻ, മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോണുകൾ നൽകുന്ന പദ്ധതി, മാസ്റ്റർ കൺട്രോൾ റൂമുകളും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കുന്ന പദ്ധതി, യാനകൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി, വെസ്സൽ ട്രാക്കിംഗ് സിസ്റ്റം, ഹോളോഗ്രാഫിക് രെജിസ്ട്രേഷൻ, Square mesh എന്നിവ ഘടിപ്പിക്കുന്ന പദ്ധതി, വിദ്യാഭ്യാസ സഹായ പദ്ധതികളായ വിദ്യാതീരം, പ്രതിഭാതീരം പദ്ധതികൾ, ഇ-ഗ്രാന്റ്സ്, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുട്ടികളെ ദത്തെടുക്കുന്ന പദ്ധതി, മത്സ്യബന്ധന തുറമുഖങ്ങളിൽ CCTV സ്ഥാപിക്കൽ, കടൽ സുരക്ഷാ സ്ക്വാഡുകൾ, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി എന്നിവ ഇതിൽ പ്രധാനപെട്ടവയാണ്. കൂടാതെ കോവിഡ്, കാലാവസ്ഥ മുന്നറിയിപ്പ് |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയോടനു ബന്ധിച്ച ധനസഹായം, ഫുഡ് കിറ്റ് എന്നിവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ